"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

"കുത്താമ്പള്ളി കൈത്തറി ഗ്രാമം"- തൃശ്ശൂർ ജില്ലയിലെ കുത്താമ്പുള്ളിയിൽ കൈത്തറി വ്യവസായ വികസന പദ്ധതി - വിജയ സാധ്യത വിലയിരുത്തുന്നതിനും വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനും - ഐ.ഐ.എച്ച്.റ്റി. കണ്ണൂരിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (സി) വകുപ്പ്

സ.ഉ.(സാധാ) നം.1163/2024/ID തീയതി,തിരുവനന്തപുരം, 11-12-2024

---

പരാമർശം:- 1. ശ്രീ.കെ.രാധാകൃഷ്ണൻ, ബഹു. മുൻ മന്ത്രി (പട്ടികജാതി-പട്ടിക വർഗ്ഗ പിന്നാക്ക വിഭാഗ വികസനവും, ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ്)യുടെ 05/04/2023 തീയതിയിലെ കുറിപ്പ്

2. കൈത്തറി ഡയറക്ടറുടെ 22/09/2024 തീയതിയിലെ എച്ച്. എൽ/967/2023-C4 Self Employment നമ്പർ കത്ത്.

ഉത്തരവ്

കേരളത്തിലെ പരമ്പരാഗത വസ്ത്ര നെയ്ത്ത് കേന്ദ്രങ്ങളിൽ ഏറെ പ്രസിദ്ധമാണ് ചേലക്കര നിയോജക മണ്ഡലത്തിലെ തിരുവില്വാമല കുത്താമ്പുള്ളി ഗ്രാമമെന്നും ഒട്ടനവധി കുടുംബങ്ങളിലായി ആയിരക്കണക്കിന് നെയ്ത്തുകാർ, തറികളിൽ ഊടുംപാവും ചേർത്തെടുക്കുന്ന കസവ് സാരികളും മുണ്ടുകളുമാണ് കുത്താമ്പുള്ളിയുടെ ആകർഷണമെന്നും കൂടാതെ, വസ്ത്രനിർമ്മാണ രീതികളിലെ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി കൈത്തറിയുടെ വ്യവസായ സാധ്യതകളെ കൂടുതൽ പ്രയോജനപ്പെടുത്താവുന്ന ഒരിടമാണ് കുത്താമ്പുള്ളിയെന്നും ഇതിനൊപ്പം നെയ്ത്ത് തൊഴിലാളികൾക്കും സംരംഭകർക്കും വ്യവസായ വകുപ്പിന്റെ സംരംഭങ്ങളിൽ ചേർന്നും കേരള വികസനത്തിൽ പങ്കാളികളാകാമെന്നും ഇതിനായി "കുത്താമ്പുള്ളി കൈത്തറി ഗ്രാമം" എന്ന പേരിൽ ഒരു കൈത്തറി വ്യവസായ വികസന പദ്ധതി തയ്യാറാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്നും സൂചന(1) കുറിപ്പിൽ ശിപാർശ ചെയ്തിരുന്നു.

(2) കുത്താമ്പുള്ളി സാരീസ്, കുത്താമ്പുള്ളി ധോത്തീസ് & സെറ്റ് മുണ്ട് എന്നിവയ്ക്ക് 2009, 2013 എന്നീ വർഷങ്ങളിൽ ഭൗമ സൂചികാ പദവി ലഭിച്ചിട്ടുള്ളത് കണക്കിലെടുത്ത്, കുത്താമ്പുള്ളി കൈത്തറി ഗ്രാമം നിലവിൽ വന്ന്, അവിടെയുള്ള നെയ്ത്തുകാരെ ഏകോപിപ്പിച്ച് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നെയ്തെടുക്കാൻ സാധിക്കുമെങ്കിൽ ലോകമെമ്പാടുമുള്ള മികച്ച വിപണി ഉറപ്പിക്കാനാവുകയും അതു

വഴി യുവതലമുറയെ നെയ്ത്തു രംഗത്തേക്ക് ആകർഷിക്കാനും സാധിക്കുമെന്ന് സൂചന(2) പ്രകാരം കൈത്തറി ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

(3) കൂടാതെ. കുത്താമ്പുള്ളി കൈത്തറി ഗ്രാമം എന്ന പേരിൽ കൈത്തറി വികസന പദ്ധതിയുടെ വിദൂര ഭാവി കണക്കിലെടുത്ത് ഇതിന്റെ വിജയ സാധ്യത കൂടി വിലയിരുത്തേണ്ടതുണ്ടെന്നും ഇതുമായി ബന്ധപ്പെട്ടു വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് പ്രാപ്തരായ സ്ഥാപനങ്ങളിൽ ആരെയെങ്കിലും ചുമതലപ്പെടുത്താവുന്നതാണെന്നും കൈത്തറി ഡയറക്ടർ അറിയിച്ചിരുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചേലക്കര നിയോജക മണ്ഡലത്തിലെ തിരുവില്വാമല കുത്താമ്പുള്ളിയിൽ **"കുത്താമ്പുള്ളി കൈത്തറി ഗ്രാമം"** എന്ന പേരിൽ ഒരു കൈത്തറി വ്യവസായ വികസന പദ്ധതി നടപ്പിൽ വരുത്തിയാലുള്ള വിജയ സാധ്യത വിലയിരുത്തി, വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിലേയ്ക്കായി കണ്ണൂർ ഐ.ഐ.എച്ച്.റ്റി.യെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിജു ജേക്കബ്
ജോയിന്റ് സെക്രട്ടറി

കൈത്തറി ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ഐ.എച്ച്.റ്റി, കണ്ണൂർ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, K-Bip, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
വിവര-പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sreekumar R
Date: 11-12-2024 15:29:51
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.വ്യവസായവകുപ്പ് മന്ത്രിയുടെ പി.എസിന്
വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
വ്യവസായവകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
വ്യവസായവകുപ്പ് അണ്ടർസെക്രട്ടറിയ്ക്ക്